(ബി) പ്രസ്തുത സാഹചര്യം സംസ്ഥാനത്തിന്റെ ക്ഷീരമേഖലയെ എതു വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ക്ഷീരമേഖലയെ സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താതെ പോയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ശ്രമിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ-ഡി) ആസിയാൻ കരാർ പ്രകാരം ഇറക്കുമതിക്ക് നിയന്ത്രണമുള്ള നെഗറ്റീവ് ലിസ്റ്റിലാണ് പാൽ, വെണ്ണ, നെയ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇറക്കുമതിക്ക് നിശ്ചിത നികുതി ബാധകമാക്കിയിട്ടുണ്ട്. പാൽ ഉല്പാദനത്തിൽ ഇന്ത്യ ആസിയാൻ രാജ്യങ്ങളെക്കാൾ മുന്നിലുമാണ്. അതിനാൽ ആസിയാൻ കരാർ സംസ്ഥാനത്തിന്റെ ക്ഷീരമേഖലയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയില്ലെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

നീര ഉൽപ്പാദന യൂണിറ്റുകൾ

14 (*284) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപാദന യൂണിറ്റ് എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ ;

(ബി) നീരയ്ക്ക് ഏറെ ജനപ്രീതി ലഭിച്ച സ്ഥിതിക്ക് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) നീര ഉൽപാദനത്തിന് ഇപ്പോൾ നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യകതമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയുടെയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയുടെയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി, നീലേശ്വരം കേന്ദ്രമാക്കി, നീര പൈലറ്റ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ സംസ്കരണ ശേഷിയുള്ള ഒരു നീര ഉല്പാദന യൂണിറ്റ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) നീര ഉല്പാദ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നീരയെ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുന്നതിനും ഇതിലൂടെ തെങ്ങ് കൂടുതൽ ആദായകരമായി കൃഷി ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സംഘങ്ങളെ സഹായിക്കുകയെന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ്, കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തികൊണ്ട് നാളികേര-നീര ബോർഡ് രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നത്. നാളികേര -നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ട് നീരയുല്പാദനത്തിനും വിപണനത്തിനുമുള്ള അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

(സി) നീര ഉല്പാദനത്തിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഒന്നും തന്നെ നിലവിലില്ല.

ഗ്രാമീണ റോഡുകളുടെ നവീകരണം

15 (*285) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകളുടെ നവീകരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ ഒന്നാം ഘട്ടത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly